പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4371 17.12.2014 - ൽ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തികയിൽ (എൻ.സി.എ മുസ്ലീം-ധീവര) നിയമനം നടത്തുന്നതിനായി കാറ്റഗറി നമ്പർ 391/09 പ്രകാരം പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു എന്നും പറയാമോ; ഓരോ വിഭാഗത്തിന്റെയും റാങ്ക് നമ്പർ പറയുമോ; | എ) | ക്രമ നമ്പർ 62 വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകി. ഒറ്റ റാങ്ക് ലിസ്റ്റായതിനാൽ ഓരോ വിഭാഗത്തിന്റെയും റാങ്ക് നമ്പർ ലഭ്യമല്ല. |
| ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ക്രമം തെറ്റിയ നിയമനം നടന്നതിന് കാരണം വ്യക്തമാക്കുമോ; ഇതിനെതിരെ ന്യൂനപക്ഷ കമ്മീഷൻ (എം.ഒ.പി. നം.126/2014) പ്രകാരം പുറപ്പെടുവിച്ച ഉത്തരവനുസരിച്ചുള്ള ഉദ്യോഗാർത്ഥികളെ 30.07.2014-ന് മുമ്പ് നിയമിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | | ബി) & സി)<br><br>ക്രമം തെറ്റി നിയമനം നൽകിയിട്ടില്ല. ആകെ 86 പേരെയാണ് ആരോഗ്യ വകുപ്പിലേക്ക് നിയമന ശുപാർശ ചെയ്തത്. അതിൽ നിന്നും ക്രമ നമ്പർ 62 വരെയുള്ളവർക്ക് നിയമനം നൽകി. ഇനി 24 പേർക്ക് നിയമനം നൽകാനുണ്ട്. ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും രണ്ടായി വിഭജിച്ചപ്പോൾ കൂടുതൽ സ്റ്റാഫ് നഴ്സുമാർ ആരോഗ്യ വകുപ്പിലേക്ക് ഓപ്ഷൻ നൽകിയതിനാൽ നിലവിൽ ഒഴിവില്ലാതെ വന്നതുകൊണ്ടാണ് 24 പേർക്ക് നിയമനം |

| | | |
|---|---|---|
| സി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ക്രമ നമ്പർ 21 മുതൽ 86 വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമെന്ന ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | നൽകാൻ കഴിയാതിരുന്നത്. ഇതു സംബന്ധിച്ച് നിയമന ശുപാർശ ലഭിച്ചവരും നിയമന ശുപാർശ ലഭിക്കാതെ റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നവരും വ്യത്യസ്തമായ ആവശ്യങ്ങൾ ഉന്നയിച്ച് കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത കേസുകളിലെ കോടതി നിർദ്ദേശവും പരിഗണിക്കേണ്ടതുണ്ട്.(OA EKM 791/2014 & OA No. 2323/2014) |

**സെക്ഷൻ ഓഫീസർ**